LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : സർ, റോഡുവികസനം നടക്കാത്തത് ഫണ്ടില്ലാത്തതുകൊണ്ടാണെന്നാണ് മുമ്പ് നമ്മൾ പറഞ്ഞിരുന്നത്. പക്ഷെ, കെ.എസ്.ടി.പി.യുടെ ഒന്നാം ഘട്ട പദ്ധതിക്ക് 336 മില്യൺ യു.എസ്. ഡോളർ ഫണ്ടുണ്ട്. ഏകദേശം 1600 കോടി രൂപയോളം വരും. 2002-ൽ ഇത് തുടങ്ങിയിട്ട് ഒന്നാം ഘട്ടം ഇതുവരെ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. റോഡ് വികസനമാണ് കേരളത്തിലെ ഏറ്റവും വലിയ വികസന പ്രശ്നം. ഫണ്ടുണ്ടായിട്ടും അത് പൂർത്തിയാക്കാൻ സാധിക്കുന്നില്ല. ജപ്പാൻ കുടിവെള്ള പദ്ധതി തുടങ്ങിയിട്ട് വർഷങ്ങളായി. അത് പൂർത്തിയാക്കാൻ നമുക്ക് സാധിക്കുന്നില്ല. ഇതിനെന്താണ് തടസ്സം. സ്ഥലമെടുപ്പാണോ ; ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള കുഴപ്പമാണോ ; അല്ലെങ്കിൽ കരാറുകാരുടെ കുഴപ്പമാണോ ?

മി. സ്പീക്കർ : ചോദ്യം ചോദിക്കൂ.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : സർ, ഇഴഞ്ഞുനീങ്ങുന്ന സ്ഥിതിയാണ്. പാപ്പിനിശ്ശേരി തിലാത്തറ രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നാണ് പറയുന്നത്. ഇത് വളരെ പ്രധാനപ്പെട്ടതാണ്. എപ്പോൾ ഇത് പൂർത്തിയാക്കാൻ സാധിക്കുമെന്ന് പറയാമോ ?

ശ്രീ. എം. വിജയകുമാർ : സർ, വളരെ പ്രസക്തമായ ചോദ്യമാണ്. കാരണം, എന്തുകൊണ്ട് ഇത് നടന്നില്ല എന്നാണ് ചോദ്യം. 2002-ൽ ഇത് ആവിഷ്കരിച്ച് 2007-ൽ നടപ്പിലാക്കേണ്ട പദ്ധതിയാണ്. 2007-ആയിട്ടുപോലും സ്ഥലം കണ്ടെത്തി നൽകാൻ സാധിച്ചിട്ടില്ല. ഇത് ഗൗരവമുള്ള പ്രശ്നമാണ്. സ്ഥലം ഏറ്റെടുക്കാതെ ഒരു കരാറിൽ ഏർപ്പെടാനോ ടെൻഡർ നടപടികളിൽ ഏർപ്പെടാനോ കഴിയില്ല, അത് ശരിയാണോ ? അത് പാടില്ല. അതാണ് കഴിഞ്ഞ കാലത്ത് നടന്നത്. സ്ഥലം ഏറ്റെടുത്താൽ മാത്രമേ കരാറിൽ ഏർപ്പെടൂ. ആ നയമാണ് ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്.

മോട്ടോർ വാഹനവകുപ്പിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ

3 (*63) ശ്രീ. പി. കൃഷ്ണപ്രസാദ് :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീ. കെ. സി. കുഞ്ഞിരാമൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടോർ വാഹന വകുപ്പിൽ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ :

(ബി) വാഹനങ്ങളുടെ അമിത വേഗത തടയുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ :

(സി) ഡ്രൈവർമാർക്ക് വേണ്ടിയുള്ള ആധുനിക പരിശീലനകേന്ദ്രം ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി ലഭ്യമാക്കാമോ :

(ഡി) ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിനുള്ള അപാകതകൾ പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) : സർ,

(എ) മോട്ടോർ വാഹന വകുപ്പിൽ നടപ്പുസാമ്പത്തിക വർഷം 8 പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. അവയുടെ വിശദാംശം താഴെ കൊടുക്കുന്നു.

1. ഹാൻഡ് ഹെൽഡ് റഡാറുകൾ, ഇന്റർസെപ്റ്ററുകൾ എന്നിവ വാങ്ങലും റഡാർ സർവ്വലൻസ് സംവിധാനം നടപ്പിലാക്കലും
2. വാഹനങ്ങൾ വാങ്ങൽ.
3. റോഡ് സുരക്ഷാ നപടികൾ.
4. ഇ-ഗവേണൻസ് നടപ്പിലാക്കൽ.
5. ഡ്രൈവർ പരിശീലന കേന്ദ്രം സ്ഥാപിക്കൽ
6. വാഹന പരിശോധന കേന്ദ്രങ്ങൾ സ്ഥാപിക്കൽ
7. മോട്ടോർ വാഹന ചെക്ക് പോസ്റ്റുകളുടെ നവീകരണം
8. ഡ്രൈവിംഗ് ടെസ്റ്റിംഗ് കേന്ദ്രങ്ങൾ സ്ഥാപിക്കൽ.

(ബി) വാഹനങ്ങളുടെ അമിത വേഗത തടയുന്നതിനായി വകുപ്പ് സ്പീഡ് ട്രേസറുകൾ, ഇന്റർസെപ്ടറുകൾ, തുടങ്ങിയ എൻഫോഴ്സ്മെന്റ് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. റഡാർ സർവ്വലൻസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) മലപ്പുറം ജില്ലയിലെ എടപ്പാളിൽ ഡ്രൈവർമാർക്ക് വേണ്ടിയുള്ള ഒരു ആധുനിക രീതിയിലുള്ള പരിശീലന ഗവേഷണ കേന്ദ്രം തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ട്. താൽക്കാലികമായ ടി കേന്ദ്രം കോഴിക്കോട് ചേവായൂരിൽ വകുപ്പിന്റെ സ്വന്തം സ്ഥലത്ത് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. എടപ്പാളിൽ കേന്ദ്രം സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം കെ.എസ്.ആർ.ടി.സി. മോട്ടോർ വാഹന വകുപ്പിന് കൈമാറുകയും തറക്കല്ലിടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കേന്ദ്രം തുടങ്ങുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നു.

(ഡി) ഏകീകൃതമായ ഒരു മൂല്യ നിർണ്ണയം നടത്തുന്നതിനായി ആധുനിക രീതിയിലുള്ള കമ്പ്യൂട്ടർവൽകൃത ടെസ്റ്റിംഗ് ട്രാക്കുകൾ എല്ലാ ജില്ലകളിലും സ്ഥാപിക്കുവാനായി വകുപ്പ് തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. പി. കൃഷ്ണപ്രസാദ് : സർ, വളരെ വിശദമായ മറുപടിയാണ് നൽകിയിട്ടുള്ളത്. വാഹനങ്ങളുടെ എണ്ണം വർദ്ധിക്കുകയും റോഡുക്കൾക്ക് അത് താങ്ങാൻ ശേഷിയില്ലാതാകുകയും ചെയ്യുന്ന സാഹചര്യത്തിൽ റോഡ് സുരക്ഷാ നടപടികളിലൂടെ യഥാർത്ഥത്തിൽ എന്തൊക്കെയാണ് പ്രായോഗികമായി ചെയ്യുന്നത് ; അത് എത്രത്തോളം വിജയകരമാണെന്ന് വിശദീകരിക്കാൻ തയ്യാറാകുമോ ?

ശ്രീ. ജോസ് തെറ്റയിൽ : സർ, റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് കേരളം ഇൻഡ്യക്ക് മാതൃകയാക്കിക്കൊണ്ട് 2007-ൽ ശ്രീ. മാത്യു ടി. തോമസ് മന്ത്രിയായിരിക്കുമ്പോൾ 'കേരളാ റോഡ് സേഫ്ടി അതോറിറ്റി' രൂപീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ജില്ലാതലത്തിൽ റോഡ് സുരക്ഷാ കൗൺസിലുകൾ പ്രവർത്തിച്ചുവരികയാണ്. അതിന് 24 കോടി രൂപയുടെ ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി. ഓരോ ജില്ലയിലും ഓരോ പ്രദേശത്തും അതിന്റെ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരികയാണ്.

ശ്രീ. പി. കൃഷ്ണപ്രസാദ് : സർ, റോഡുകളിലെ അപകടവും അപകടമരണവും പോലെ ഗൗരവമുള്ള ഒരു വിഷയമാണ് ഈ വകുപ്പിലെ അഴിമതി. ഇപ്പോൾ മോട്ടോർ വാഹന വകുപ്പിൽ ഇ-ഗവേണൻസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പക്ഷെ ഇ-പേയ്മെന്റ് സംവിധാനം കൂടി ഏർപ്പെടുത്തിക്കൊണ്ട് അഴിമതി അവസാനിപ്പിക്കാൻവേണ്ടി ആത്മാർത്ഥമായ ശ്രമം നമ്മൾ നടത്തണ്ടേ ?

ശ്രീ. ജോസ് തെറ്റയിൽ : സർ, തീർച്ചയായും. ആത്മാർത്ഥമായ ശ്രമം നടത്തി വരികയാണ്. ഇ-പേയ്മെന്റ് നടപ്പിലാക്കുന്നതിനുള്ള എല്ലാ നടപടികളും പൂർത്തിയായി. അതുസംബന്ധമായി ഒരു ഉത്തരവ് ഇറക്കിക്കഴിഞ്ഞാൽ അത് നടപ്പിലാക്കാൻ കഴിയും.

ശ്രീ. സി. എച്ച് കുഞ്ഞമ്പു : സർ, കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന വാഹനങ്ങളെ പോലീസും എക്സൈസും വനപാലകരുമൊക്കെ പിടികൂടുന്നുണ്ട്. പിടിച്ചെടുക്കുന്ന വാഹനങ്ങൾ നിയമക്കുരിക്കൽപ്പെട്ട് വർഷങ്ങളോളം കിടന്ന് തുരുമ്പിച്ച് നശിക്കുകയാണ്. ഇത്തരം വാഹനങ്ങൾ ലേലം ചെയ്ത് വിൽക്കുന്നതിനോ അല്ലെങ്കിൽ ബോണ്ട് അടിസ്ഥാനത്തിൽ വാഹന ഉടമകൾക്ക് നൽകുന്നതിനോ ആവശ്യമായ നിയമനിർമ്മാണം കൊണ്ടുവരാൻ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ജോസ് തെറ്റയിൽ : സർ, അത് വകുപ്പുമായി ആലോചിച്ച ശേഷം മറുപടിപറയാം.

ശ്രീ. കെ.സി. കുഞ്ഞിരാമൻ : സർ, മോട്ടോർ വാഹന വകുപ്പിൽ നടപ്പിലാക്കിയ ഇ-ഗവേണൻസ് പദ്ധതിമൂലം വകുപ്പിലെ അഴിമതി ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ശ്രീ. ജോസ് തെറ്റയിൽ : സർ, ഇ-ഗവേണൻസ് പരിപാടിപോലെ ഫാസ്റ്റ് ട്രാക്ക് പരിപാടികളും ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. അത് ഇ-പേയ്മെന്റ് ആരംഭിക്കുന്നതോടുകൂടി ഈ വകുപ്പിലുള്ള അഴിമതിക്ക് ഗണ്യമായ കുറവ് വരുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് കൂടുതൽ കാര്യക്ഷമത നേടുവാനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ലോക്കലൈസ്ഡ് ആക്ഷൻ പ്രോഗ്രാം പാക്കേജ് ഉണ്ടാക്കാൻ ശ്രമിക്കുമോ ?

ശ്രീ. ജോസ് തെറ്റയിൽ : സർ, പ്രൊഫ. സി. രവീന്ദ്രനാഥ് നിർദ്ദേശിച്ചത് നല്ലൊരു കാര്യമാണ്. ഇപ്പോൾ സ്കൂളുകളിൽ ഇത്തരത്തിലുള്ള ട്രാഫിക് ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. മറ്റ് സേവന സന്നദ്ധ സംഘടനകളുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് വ്യാപകമായി ഇത്തരത്തിലുള്ള പരിപാടികൾ ആവിഷ്ക്കരിച്ചുവരുന്നുണ്ട്. ഇവിടെ പറഞ്ഞ രീതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തനം നടത്തുന്ന കാര്യം സജീവമായി ആലോചിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ, വാഹനങ്ങളുടെ അമിത വേഗത തടയുന്നതുമായി ബന്ധപ്പെട്ട പരിഷ്ക്കാരത്തെക്കുറിച്ച് സൂചിപ്പിച്ചു. അപകടങ്ങളെക്കുറിച്ച് അടുത്ത ദിവസങ്ങളിൽ ഏറെ വാർത്തകൾ വന്നു. സ്കൂൾ കുട്ടികൾ സഞ്ചരിക്കുന്ന വാഹനങ്ങൾ അപകടത്തിൽപ്പെടുന്നു. ടിപ്പർ ലോറികൾ നിരത്തുകളിൽ മരണമണി മുഴക്കിക്കൊണ്ടാണ് സഞ്ചരിക്കുന്നത്. കൂടുതൽ ലോഡ് എടുക്കാൻവേണ്ടി യാതൊരു നിയന്ത്രണവുമില്ലാതെ വണ്ടികൾ പോകുന്ന സ്ഥിതിയാണുള്ളത്. അപകടങ്ങൾ സംഭവിക്കുമ്പോൾ സ്വീകരിക്കുന്ന നടപടിയല്ലാതെ ഫലപ്രദമായി ഒന്നും ചെയ്യാൻ കഴിയുന്നില്ല. അടുത്ത കാലത്തൊക്കെ ഉണ്ടായ അപകടങ്ങളുടെ പശ്ചാത്തലത്തിൽ ഇത് തടയാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

ശ്രീ. ജോസ് തെറ്റയിൽ : സർ, ടിപ്പർ ലോറികൾ സംസ്ഥാനത്ത് വ്യാപകമായി അപകടമുണ്ടാക്കുന്നുണ്ട് എന്നത് ശരിയാണ്. ടിപ്പർ ലോറികൾ ഓടിക്കുന്നവർക്ക് പരിശീലനം നൽകിയ ശേഷമേ തുടർന്ന് ലൈസൻസ് ലഭ്യമാക്കാവൂ എന്ന നിർദ്ദേശമാണ് ഇപ്പോൾ വച്ചിട്ടുള്ളത്. സംസ്ഥാനത്തൊട്ടാകെ വ്യാപകമായി എല്ലാ ജില്ലകളിലും ഇത്തരത്തിൽ ടിപ്പർ ലോറികൾ ഓടിക്കുന്ന ഡ്രൈവർമാർക്ക് പരിശീലനം നൽകിവരികയാണ്. അതിലൂടെ ഗണ്യമായ പുരോഗതി അക്കാര്യത്തിൽ ഉണ്ടായിട്ടുണ്ട്. വേഗത നിയന്ത്രിക്കുന്നതിന് സ്പീഡ് ഗവേർണർ ഉപയോഗിക്കുന്നുണ്ട്.

ശ്രീ. ബി. ഡി. ദേവസ്സി : സർ, ചാലക്കുടിക്കാരുടെ ദീർഘകാലത്തെ ആവശ്യമായ ജോയിന്റ് ആർ.ടി.ഓഫീസ് ചാലക്കുടിയിൽ അനുവദിച്ചതിൽ പ്രത്യേകം നന്ദി രേഖപ്പെടുത്തുകയാണ്. ഈ ആഫീസിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ശ്രീ. ജോസ് തെറ്റയിൽ : സർ, സ്ഥലം ലഭ്യമാകുന്നതിലെ താമസമുണ്ട്. കമ്പ്യൂട്ടറൈസേഷൻ ആയിക്കഴിഞ്ഞാൽ താമസിയാതെ തന്നെ തുടങ്ങാവുന്നതാണ്.

ശ്രീ. കെ. ശിവദാസൻ നായർ : സർ, ഏറ്റവും പ്രധാനപ്പെട്ട വകുപ്പാണ് മോട്ടോർ വാഹന വകുപ്പ്. വാഹനങ്ങൾ പെരുകുന്നതിനനുസരിച്ച് അവ പരിശോധിക്കാൻ വകുപ്പിൽ ആളില്ല. മുമ്പ് നിശ്ചയിച്ച രീതിയിലുള്ള സ്റ്റാഫ് സട്രെങ്തല്ലാതെ പിന്നീട് കൂട്ടിയിട്ടില്ല. റോഡിൽനിന്ന് വാഹനങ്ങൾ ചെക്ക് ചെയ്യാൻ ആളില്ലാത്ത ഒരവസ്ഥയുണ്ടായിരിക്കുകയാണ്. ഇതിന് പരിഹാരം ഉണ്ടാക്കാമോ ?

ശ്രീ. ജോസ് തെറ്റയിൽ : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ ശരിയാണ്. അത് അംഗീകരിക്കുകയാണ്. മോട്ടോർ വാഹന വകുപ്പിൽ 1985 -ൽ നിശ്ചയിച്ച സ്റ്റാഫ് പാറ്റേണാണ് ഇപ്പോൾ നിലവിലുള്ളത്. അത് മാറ്റണമെന്ന നിർദ്ദേശം മോട്ടോർ വാഹന വകുപ്പ് ഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ട്.

ശ്രീ. കെ. കെ. ദിവാകരൻ : സർ, വാഹനങ്ങളിൽ സ്പീഡ് ഗവേർണർ ഘടിപ്പിക്കണമെന്നാണ് നിർദ്ദേശം. കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സ്പീഡ് ഗവേർണർ ഘടിപ്പിച്ചിട്ടുണ്ട്. എന്നാൽ സ്വകാര്യ ബസ്സുകളിൽ സ്പീഡ് ഗവേർണർ ഘടിപ്പിച്ചിട്ടുണ്ടോ ; സ്പീഡ് ഗവേർണർ ഘടിപ്പിച്ചിച്ച ശേഷമേ ടെസ്റ്റിന് പോകാവൂ എന്നുണ്ട്. സ്പീഡ് ഗവേർണർ ഘടിപ്പിച്ചുവെന്ന് ഉറപ്പു വരുത്താൻ എന്തെല്ലാം പരിശോധനകളാണ് ഗവൺമെന്റ് നടത്തുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസ് തെറ്റയിൽ : സർ, സ്പീഡ് ഗവേർണറിന്റെ കാര്യം പറയുമ്പോൾ ഒരു ഗുരുതരമായ പ്രശ്നമുണ്ട്. സ്പീഡ് ഗവേർണർ ഏർപ്പെടുത്താൻ തീരുമാനിച്ച് സുപ്രീംകോടതിയിൽ നമ്മൾ അഫിഡവിറ്റ് നൽകി. അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ മാത്രമായി നിയന്ത്രിക്കേണ്ട ഒരു സ്ഥിതിയുണ്ടായി. ഇതിന് കേടുപാട് സംഭവിച്ചാൽ നന്നാക്കാൻ നിവൃത്തിയില്ലാത്ത സ്ഥിതിയാണിപ്പോൾ വന്നിട്ടുള്ളത്. അതിനുള്ള ആൾക്കാരില്ല. ഫിറ്റ് ചെയ്ത ശേഷം അതിന്റെ എ.എം.സി അതോടൊപ്പം ഉണ്ടാകാത്ത സാഹചര്യമുണ്ട്. ടെസ്റ്റ് നടത്തുന്ന സമയത്ത് സ്പീഡ് ഗവേർണർ ഘടിപ്പിച്ചിട്ടുണ്ടോയെന്ന് കർശനമായി പരിശോധിക്കാറുണ്ട്.

ശ്രീ. പി. സി. ജോർജ് : സർ, വെള്ളൂർ ഭാഗത്ത് ബസ് സമയത്ത് എത്താൻ കഴിയുന്നില്ല. സ്പീഡ് ഗവേർണർ ഘടിപ്പിച്ചിരിക്കുന്നതിനാൽ വലിയ സ്പീഡും ഇല്ല. ഏറ്റവും കൂടുതൽ സ്പീഡിൽ രാത്രി ഓടിക്കുന്ന വണ്ടി പിക് അപ് വാനാണ്. പാലക്കാട്ട് നിന്ന് തിരുവനന്തപുരത്തേക്ക് കള്ള് കൊണ്ടുവരുന്ന വാഹനമാണ്. ഇത്രയും സ്പീഡിൽ ഓടിക്കുന്ന വണ്ടികൾ പ്രത്യേകം ചെക്ക് ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. ജോസ് തെറ്റയിൽ : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞകാര്യം പരിശോധിക്കാം.

ശ്രീ. പി. വിശ്വൻ : സർ, ഡ്രൈവിംഗ് ലൈസൻസ് കൊടുക്കുന്ന കാര്യത്തിൽ പൂർണ്ണത വേണം. മറ്റ് കാര്യങ്ങളെ അപേക്ഷിച്ച് പെർഫക്ടായി ചെയ്യേണ്ട ഒരു കാര്യമാണ് ഡ്രൈവിംഗ് എന്നതിനാൽ ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തണം. ഇവിടെ പല സ്ഥലങ്ങളിലും ഡ്രൈവിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ കൂണുപോലെ മുളച്ച് പൊങ്ങുകയാണ്. അത് നിയന്ത്രിക്കാൻ എന്തെങ്കിലും സംവിധാനമുണ്ടോ ?

ശ്രീ. ജോസ് തെറ്റയിൽ : സർ, ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിലെ അപാകത പരിഹരിക്കുന്നതിനുവേണ്ടി ഇലക്ട്രോണിക് ഡ്രൈവിംഗ് ടെസ്റ്റിംഗ് സിസ്റ്റം ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ഇപ്പോൾ കോഴിക്കോടും തുടർന്ന് കണ്ണൂരും ആരംഭിക്കുന്നുണ്ട്. ഇതേ പരിപാടി തന്നെ എല്ലാ ജില്ലകളിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. ടി. എൻ. പ്രതാപൻ : സർ, പ്രത്യേകമായി ഗ്രൗണ്ടുകളില്ലാതെ പല സ്ഥലങ്ങളിലും ഡ്രൈവിംഗ് ടെസ്റ്റുകൾ റോഡരികിൽ നടത്തുന്നതുമൂലം ധാരാളം അപകടങ്ങളും മറ്റ് പ്രയാസങ്ങളും നേരിടുന്നുണ്ട്. ഡ്രൈവിംഗ് ടെസ്റ്റുകൾ നടത്തുന്നതിനുവേണ്ടി ഓരോ സ്ഥലത്തും പ്രത്യേകം ഗ്രൗണ്ടുകൾ മാർക്ക് ചെയ്ത് വാഹനങ്ങളിൽ ലൈറ്റ് ഘടിപ്പിച്ച് കൃത്യമായി ബോർഡ് സ്ഥാപിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും ഗൈഡ്ലൈൻ ഉണ്ടോ ?

ശ്രീ. ജോസ് തെറ്റയിൽ : സർ, ഡ്രൈവിംഗ് സ്കൂളുകളിലെ പരിശീലന പരിപാടികൾക്കുവേണ്ടി കർശന നടപടികൾ ആരംഭിക്കുന്നുണ്ട്. 2003-ലെ ഗവൺമെന്റ് ഓർഡറിൽ പറയുന്നതനുസരിച്ച് മാത്രമേ വാഹനങ്ങളിൽ ലൈറ്റ് ഘടിപ്പിക്കുന്നതിനും ബോർഡ് സ്ഥാപിക്കുന്നതിനും കഴിയുകയുള്ളു. ആ ജി.ഒ.-യിൽ ലിസ്റ്റുണ്ട്. ഞാൻ അത് വായിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. രാജേന്ദ്രൻ : സർ, മൂന്നാറിൽ നിന്ന് ഇടുക്കിയിലേക്ക് എന്തെങ്കിലും ആവശ്യത്തിന് പോകണമെങ്കിൽ 120 കിലോമീറ്റർ യാത്ര ചെയ്യണം. മൂന്നാറിൽ ഒരു ജോയിന്റ് ആർ.ടി.ഓഫീസ് സ്ഥാപിക്കുക എന്നത് ദീർഘകാലമായ ഒരു ആവശ്യമാണ്. കെട്ടിടവും മറ്റെല്ലാ സൗകര്യങ്ങളും അവിടെയുണ്ട്. അതിന് അനുകൂലമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. ജോസ് തെറ്റയിൽ : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ നിർദ്ദേശം പരിഗണിക്കേണ്ടതാണ്. കാരണം ഇടുക്കിയിൽ ദൂരത്തിന്റേയും വാഹനങ്ങളുടെ എണ്ണത്തിലെ വർദ്ധനവിന്റേയും പ്രശ്നമുണ്ട്. മൂന്നാർ ഉൾക്കൊള്ളുന്ന ഇടുക്കി ജില്ലയിൽ ജോയിന്റ് ആർ.ടി.ഓഫീസ് സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, ടിപ്പർ വാഹനങ്ങൾ നിരവധി അപകടങ്ങളുണ്ടാക്കിയപ്പോൾ സ്കൂൾ സമയത്ത് പല സ്ഥലങ്ങളിലും ഈ വാഹനങ്ങളുടെ ഗതാഗതം കർശനമായി നിരോധിച്ചിരുന്നു. എന്നാൽ അത് ഒറ്റദിവസംകൊണ്ട് അവസാനിച്ചു. നിരവധി കുരുന്നു ജീവനുകളാണ് ഈ ടിപ്പർ ലോറികൾ ഇപ്പോൾ അപഹരിച്ചത്. അതുകൊണ്ട് ഇക്കാര്യത്തിൽ കർശന നിർദ്ദേശം കൊടുക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. ജോസ് തെറ്റയിൽ : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം ശരിയാണ്. നേരത്തെ നിരവധി അപകടങ്ങളുണ്ടാക്കിയിരുന്നു. ഇപ്പോൾ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. സ്കൂൾ ടൈമിൽ ബന്ധപ്പെട്ട പ്രദേശങ്ങളിൽ ടിപ്പർ ലോറികളുടെ ഗതാഗതം നിയന്ത്രിക്കുന്നതിന് പോലീസിനും മോട്ടോർ വാഹന വകുപ്പിനും കർശന നിർദ്ദേശം നൽകുന്നതാണ്.

വികലാംഗ പുനരധിവാസ പദ്ധതി

4 (*64) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. കെ. പി. മോഹനൻ :
ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന വികലാംഗ പുനരധിവാസ പദ്ധതിയുടെ ഭാഗമായി ലക്ഷ്യമിട്ടിരിക്കുന്ന പ്രവർത്തന പരിപാടികൾ വ്യക്തമാക്കുമോ ;

(ബി) പദ്ധതിക്കായി കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ വകയിരുത്തിയ ബഡ്ജറ്റ് വിഹിതം, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) വികലാംഗ പുനരധിവാസ പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) : സർ,

(എ) നടപ്പുസാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൻ കീഴിൽ വികലാംഗരുടെ ക്ഷേമത്തിനായി/പുനരധിവാസത്തിനായി സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന് 140 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും